## കെ.കെ കുഞ്ഞുമുഹമ്മദ്



**പ്രസ്ഥാന** സന്ദേശം ആദ്യകാലത്തുതന്നെ എത്തിയ പ്രദേശങ്ങളിലൊന്നാണ് ആലപ്പുഴ ജില്ലയിലെ വടുതല. അക്കാലത്തെ പ്രവർത്തകരിൽ ഒരാളാണ് ഈയിടെ നിര്യാതനായ ജമാഅത്ത് അംഗമായിരുന്ന കെ.കെ കുഞ്ഞുമുഹമ്മദ് സാഹിബ്(75). മുത്തഫിഖ് -ഹംദർദ്-പ്രാദേശിക ജമാഅത്തുകളുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. രോഗാതുരനായി കഴിയുമ്പോഴും പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവത പുലർത്തി. സംഘടിത സകാത്ത് സംരംഭത്തിന് തുടക്കം കുറിക്കുന്നതിന് മുൻപന്തിയിൽനിന്ന് പ്രവർത്തിച്ചു. ■

**എം.പി മുഹമ്മദ്കുട്ടി തൃച്ചാറ്റുകുളം**

## എം. ഉസ്മാൻ മൗലവി



**കുറ്റിക്കാട്ടൂർ** ജമാഅത്തെ ഇസ്‌ലാമി ഘടകത്തിൽ അംഗമായിരുന്ന എം. ഉസ്മാൻ മൗലവി കഴിഞ്ഞ ഫെബ്രുവരി 13ന് അല്ലാഹുവിലേക്ക് യാത്രയായി. കോഴിക്കോട് ലിവാഅ് മസ്ജിദ്, കൊളത്തറ ഓർഫനേജ്, പുതിയറ കുറുപ്പത്ത് പള്ളി, അവസാനം കുറ്റിക്കാട്ടൂർ മസ്ജിദ് ഹിറ എന്നിവിടങ്ങളിലെ സ്തുത്യർഹമായ സേവനത്തിന് ശേഷമാണ് അദ്ദേഹം വിടപറഞ്ഞത്.

1960കളിൽ കുറ്റിക്കാട്ടൂരിൽ നവോത്ഥാന സംരംഭങ്ങൾക്ക് തുടക്കംകുറിച്ച അബുസ്സ്വലാഹ് മൗലവി, അബൂ ഇസ്ഹാഖ് ഇസ്മാഈൽ മൗലവി, കെ.പി സ്വലാഹുദ്ദീൻ മാസ്റ്റർ എന്നിവരോടൊപ്പം ഉസ്മാൻ സാഹിബും ഉണ്ടായിരുന്നു. മഹല്ല് ബഹിഷ്കരണവും മറ്റും അദ്ദേഹം സധൈര്യം നേരിട്ടു. പ്രസ്ഥാന വൃത്തത്തിലേക്ക് വന്ന ശേഷം നിഷ്കളങ്കവും നിസ്വാർഥവുമായ പ്രവർത്തനങ്ങൾ കൊണ്ട് അദ്ദേഹം മാതൃകയായി.

*പ്രബോധനം, ബോധനം, ആരാമം, മലർവാടി* എന്നിവയുടെ ഏജന്റു കൂടിയായിരുന്ന ഉസ്മാൻ സാഹിബ് പള്ളിയിൽ എത്തുന്ന പുതിയ ആളുകൾക്ക് ഏതെങ്കിലും ഒരു പ്രസിദ്ധീകരണം നൽകി ബന്ധം ഉറപ്പിക്കാൻ ഔത്സുക്യം കാട്ടി. പ്രദേശത്തെ പള്ളിനിർമാണത്തിലും പ്രാസ്ഥാനിക വ്യാപനത്തിലും സജീവ പങ്കാളിത്തം വഹിച്ചു.

കുറ്റിക്കാട്ടൂർ വെൽഫെയർ ട്രസ്റ്റ് സ്ഥാപകാംഗം, കാർകുൻ ഹൽഖാ നാസിം, മസ്ജിദ് ഹിറ പരിപാലന കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. പുതിയറ കുറുപ്പത്ത് പള്ളിയിൽ സേവനമനുഷ്ഠിക്കുന്ന കാലത്ത് ജില്ലാ ജയിലിൽ ക്ലാസ്സുകൾ നടത്തിയിരുന്നു.

ഭാര്യ ഉമ്മാത്തുക്കുട്ടി, മക്കൾ: സുബൈദ, ത്വാഹ, കൗസർ, ബുഷ്റ, സാബിറ, സമീറ. ■

**ടി. മുഹമ്മദ് ശരീഫ് കുറ്റിക്കാട്ടൂർ**

## എം. അമ്മദ് മാസ്റ്റർ

**ജമാഅത്തെ** ഇസ്‌ലാമി അംഗവും പാലേരി എം.എൽ.പി സ്കൂൾ റിട്ട. പ്രധാനാധ്യാപകനുമായിരുന്നു മാണിക്കോത്ത് അമ്മദ് മാസ്റ്റർ (81).

14-ാം വയസ്സിൽ തന്നെ അധ്യാപകനായതിനാൽ വലിയൊരു ശിഷ്യഗണത്തിന്റെ ഉടമയായിരുന്നു. പാലേരി എച്ച്.എം മദ്റസ, പാറക്കടവ് എ.എം.ഐ, പാലേരി ജമാഅത്തെ ഇസ്‌ലാമി ഓഫീസ് എന്നിവയുടെ നിർമാണത്തിലും ജുമുഅത്ത് പള്ളി പരിപാലനത്തിലും നേതൃപരമായ പങ്കുവഹിച്ചു.

ജമാഅത്തെ ഇസ്‌ലാമിയുടെ ആരംഭകാലത്തുതന്നെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. ഹാജി സാഹിബ്, ഇസ്സുദ്ദീൻ മൗലവി തുടങ്ങിയ നേതാക്കളുമായി ബന്ധപ്പെട്ട് പാലേരി, കുറ്റ്യാടി പ്രദേശങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

1960-ൽ ജമാഅത്തംഗമായി. പ്രാദേശിക അമീർ, ഫർക്കാ കൺവീനർ, ഏരിയാ ഓർഗനൈസർ, ജില്ലാ സമിതിയംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. അടിയന്തരാവസ്ഥയിൽ ജയിൽവാസമനുഭവിച്ചു.

ഭാര്യയും എട്ടു മക്കളുമടങ്ങുന്ന കുടുംബം പ്രസ്ഥാന ബന്ധുക്കളാണ്. ■

**മൂസാ പാലേരി**

## സി.കെ തറുവായി മാസ്റ്റർ



**ജമാഅത്തെ** ഇസ്‌ലാമി എലങ്കമൽ കാർകുൻ ഹൽഖ അംഗമായിരുന്നു സി.കെ തറുവായി മാസ്റ്റർ (68). വാഹനാപകടത്തിൽ പരിക്കേറ്റ് രണ്ടു മാസമായി അബോധാവസ്ഥയിലായിരുന്നു. ആദ്യകാലത്തുതന്നെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. കാരയാട്, ഊട്ടേരി, കാവുന്തറ, എലങ്കമൽ ഹൽഖകളായി ഇന്ന് വളർന്നുനിൽക്കുന്ന പ്രാസ്ഥാനിക ഘടകങ്ങളുടെ രൂപവത്കരണത്തിൽ സി.കെ വഹിച്ച പങ്ക് അനൽപമാണ്.

പള്ളി മിമ്പറിലും മതപ്രസംഗ വേദികളിലും പഠനക്ലാസ്സുകളിലും തിളങ്ങിനിൽക്കുമ്പോൾതന്നെ കായികാധ്വാനം ആവശ്യമായ ജോലികളും നല്ലപോലെ വശമായിരുന്നു. ഹൽഖാ നാസിമായും ഏരിയ വനിതാ ഓർഗനൈസറായും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ഫാത്വിമ വനിത കാർകുൻ ഹൽഖാ അംഗമാണ്. സഊദ് എലങ്കമൽ, ശഫീഖ്, സക്കീന, ശമീമ എന്നിവർ മക്കളാണ്. ■

**കെ. മുഹമ്മദ് അശ്റഫ്**

*അല്ലാഹു പരേതർക്ക് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*